## പുരാണതീർത്ഥം

# 101 പുരാണ കടങ്കഥകൾ

പകൽക്കുറി വിശ്വൻ



ഹനുമാൻ, അർജ്ജുനൻ, ഭീമൻ, പരമശിവൻ, മഹാവിഷ്ണു, ദുർവ്വാസാവ്, സൂര്യൻ, പരശുരാമൻ, ദശരഥൻ, അഗസ്ത്യൻ, കർണ്ണൻ തുടങ്ങി നമ്മുടെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയ ഒട്ടനവധി പുരാണ കഥാപാത്രങ്ങളും കഥകളും കൊച്ചുകൂട്ടുകാർക്കായി കടങ്കഥാരൂപത്തിൽ പരിചയപ്പെടുത്തുന്ന പുസ്തകം.

കവർ ഡിസൈൻ: വിശാഖ് രാജ്

ഒരു
ഡി സി ബുക്സ്
മുദ്രണം
www.dcbooks.com

ISBN 978-93-5282-467-0

9 789352 824670 00001

ബാലസാഹിത്യം

E-book available

₹ 199

പുരാണതീർത്ഥം 101 പുരാണകടങ്കഥകൾ • പകൽക്കുറി വിശ്വൻ

മാമ്പഴം

## പുരാണതീർത്ഥം

# 101 പുരാണ കടങ്കഥകൾ



പകൽക്കുറി വിശ്വൻ

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

1649

College Of Avian Sciences & Management
LIBRARY
KVASU Thiruvazhamkunnu-678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 1649 Call No..........................

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

Malayalam Language
Puranatheertham: 101 Puranakadamkathakal

EPIC
By Pakalkkuri Viswan

Rights Reserved
First Published November 2018

ILLUSTRATIONS
Ajith Plakkad

PUBLISHERS
Mambazham
An Imprint of D C Books
Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Pakalkkuri Viswan
Puranatheertham: 101 puranakadamkathakal/Pakalkkuri Viswan.
208 p; 21 cm
ISBN 978-93-5282-467-0
1. Children's literature I. Religion. I. Title
c 294 513-dc22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-93-5282-467-0

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

481/18-19-Sl. No.18141-dcb7040-2000-4555-10-18-spb 18.6-p sd-r pm-d ga

# പുരാണതീർത്ഥം

## 101 പുരാണകടങ്കഥകൾ



രചന

**പകൽക്കുറി വിശ്വൻ**

ചിത്രങ്ങൾ

**അജിത് പ്ലാക്കാട്**

ഒരു ഡി സി ബുക്സ് മുദ്രണം

പകൽക്കുറി വിശ്വൻ

തിരുവനന്തപുരം ജില്ലയിൽ പള്ളിക്കൽ പഞ്ചായത്തിലെ പകൽക്കുറിയിൽ 1954-ൽ ജനിച്ചു. പിതാവ്: കെ. നാണു ആചാരി. മാതാവ്: കെ. തങ്കമ്മ. നാടകരചനയിലൂടെ സാഹിത്യരംഗത്തു പ്രവേശിച്ചു. കഥകളായും കവിതകളായും നിരവധി കൃതികൾ രചിച്ചിട്ടുണ്ട്. പ്രൊഫഷണൽ സമിതികൾക്കു വേണ്ടി നാടകങ്ങൾ എഴുതിയിട്ടുണ്ട്. ആകാശവാണിയിലും ദൂരദർശനിലും മറ്റു ടി.വി. ചാനലുകളിലും കുട്ടികളുടെ പരിപാടികൾ അവതരിപ്പിച്ചുവരുന്നു. കെ.എസ്.ആർ. ടി.സി.യിൽ ഉദ്യോഗസ്ഥനായിരുന്നു.

# കുറുമൊഴി

നാം കാണുന്നതും കൈകാര്യം ചെയ്യുന്നതും നിത്യജീവിതവുമായി ബന്ധമുള്ളതുമായ സകല വസ്തുക്കളെക്കുറിച്ചും ധാരാളം കടങ്കവിതകളെഴുതുകയും അവയെല്ലാം പുസ്തകങ്ങളായി പ്രസിദ്ധീകരിക്കുകയും വേദികളിലും ദൃശ്യമാധ്യമങ്ങളിലും അവതരിപ്പിക്കുകയും ചെയ്തതിനാൽ കടങ്കവിതകളുടെ കവി എന്നൊരു പേര് സഹൃദയർ എനിക്ക് നേരത്തേ കല്പിച്ചുതന്നിരുന്നു. കടങ്കവിതകൾ കണ്ടെത്താൻ വിഷയദാരിദ്ര്യം അനുഭവപ്പെട്ടപ്പോഴാണ് പരീക്ഷണാർത്ഥം ഞാൻ പുരാണകഥകളെ സമീപിച്ചത്.

പുരാണകഥകൾ കടങ്കവിതയുടെ ചിമിഴിലൊതുക്കി അവതരിപ്പിച്ചപ്പോൾ, കുട്ടികൾ മാത്രമല്ല മുതിർന്നവരും അതാസ്വദിക്കുകയും അഭിനന്ദിക്കുകയും ചെയ്തു. അതിൽ നിന്നു ലഭിച്ച ആത്മവിശ്വാസത്തിലാണ് പുരാണകഥകളെ കടങ്കവിതകളുടെ ചിമിഴിലടച്ച് നിങ്ങൾക്കു സമ്മാനിക്കാൻ ഞാൻ തയ്യാറാകുന്നത്.

പുരാണ കഥാപാത്രങ്ങൾ, ജനനമരണങ്ങൾ, സംഭവങ്ങൾ, വരങ്ങൾ, ശാപങ്ങൾ ഇതൊക്കെയാണ് ഓരോ കടങ്കവിതയിലും അടങ്ങിയിരിക്കുന്നത്. ഒരു കടങ്കവിതയും അതിന്റെ ഉത്തരവും മനസ്സിലാക്കുമ്പോൾ ഒരു പുരാണകഥയാണ് പഠിക്കുന്നത്. അതിലൂടെ കഥകളറിയാനും കണ്ടെത്താനും പുരാണേതിഹാസങ്ങൾ വായിക്കുവാനുമുള്ള താത്പര്യമുണ്ടാകുമെന്ന വിശ്വാസമാണ് എന്റെ ഈ പരിശ്രമങ്ങളെ അർത്ഥപൂർണ്ണമാക്കുന്നത്.

പുരാണകഥകളിൽ നിറയുന്ന നന്മയും സത്യവും ഭക്തിയും വിശ്വാസവുമെല്ലാം കുട്ടികളുടെ മാനസികവളർച്ചയ്ക്കും വ്യക്തിത്വവികാസത്തിനും സാംസ്കാരികാഭിവൃദ്ധിക്കുമുള്ള മൃതസഞ്ജീവനികളാണെന്ന ഉത്തമബോധ്യത്തോടും വിശ്വാസത്തോടുംകൂടി ഞാൻ ഈ പുരാണതീർത്ഥം നിങ്ങളുടെ നാവിൽ പകരുന്നു.

സ്നേഹത്തോടെ



# പുരാണതീർത്ഥത്തിലെ മൃതസഞ്ജീവനി

നാടകരചനയിലൂടെ സാഹിത്യരംഗത്തു പ്രവേശിച്ച് കവി, ബാലസാഹിത്യരചയിതാവ് എന്നീ നിലകളിൽ ഖ്യാതി നേടിയ ഭാഷാസ്നേഹിയാണ് പകൽക്കുറി വിശ്വൻ.

അരുമക്കിടാങ്ങളേ വരികെന്റെ ചാരത്ത്
അക്ഷരപ്പൂന്തേൻ പകർന്നു നൽകാം
അകതാരിലറിവിന്റെയമൃതബിന്ദുക്കളായ്
നിറയുമതുനിശ്ചയമുറപ്പു നൽകാം.

എന്ന് 'അക്ഷരപ്പൂന്തേൻ' എന്ന കൃതിയുടെ ആമുഖമായി അദ്ദേഹം കുറിച്ചത് അന്വർത്ഥമാകുന്നു.

മാതൃഭാഷയോടുള്ള ആഭിമുഖ്യം, ഭാരതസംസ്കാരത്തോടുള്ള ആദരം, വരുംതലമുറകളോടുള്ള ഉത്തരവാദിത്വം എല്ലാം അദ്ദേഹത്തിന്റെ രചനകളുടെ അന്തർധാരയാണ്. പകൽക്കുറി വിശ്വന്റെ കൃതികളെല്ലാം വായിച്ചതിന്റെയും ചിലതിനു നിമിത്തമായതിന്റെയും മുമ്പൊന്നിന് അവതാരിക എഴുതിയതിന്റെയും അനുഭവത്തിലാണ്, ഈ ആമുഖം നൽകിയതും 'പുരാണതീർത്ഥം' എന്ന പുസ്തകത്തിന് അവതാരിക കുറിക്കുന്നതും.

ഹിതവും പഥ്യവും ഒന്നാകണമെന്നില്ല. ഭാഷ, ഭക്ഷണം, വസ്ത്രം തുടങ്ങി ഏതു വിഷയത്തിലായാലും ഹിതത്തെക്കാൾ പഥ്യത്തിനു പ്രാമുഖ്യം നൽകുന്നതാണ് ശാരീരികാരോഗ്യത്തിനെന്നപോലെ മാനസികാരോഗ്യത്തിനും ഉചിതം. പകൽക്കുറി വിശ്വൻ അദ്ദേഹത്തിന്റെ രചനയിലുടനീളം പഥ്യമായതിനിടം നൽകുന്നു. ത്യാജ്യഗ്രാഹ്യവിവേചനശക്തിയുള്ള ബാലസാഹിത്യരചയിതാവാണ് അദ്ദേഹം.

## ഉള്ളടക്കം


വ്യാസൻ ....................................................................................19
കേട്ടെഴുത്ത്................................................................................21
വാല്മീകി....................................................................................23
രാമായണം ..................................................................................25
വരമേകി ശിക്ഷ വരിച്ചവർ........................................................26
ജഡത്തിൽ നിന്ന് ജനനം .......................................................... 27
ആനയും മുതലയും ..................................................................... 29
അമ്മയെക്കൊന്നവൻ....................................................................31
കാർത്തവീര്യാർജ്ജുനൻ...............................................................34
ക്ഷത്രിയാന്തകൻ.........................................................................36
പുത്രകാമേഷ്ടി............................................................................ 38
നാരീശപഥം ..............................................................................40
ദീർഘനിദ്ര.................................................................................. 44
ബാണപുത്രി................................................................................45
ഗുരുശാപം.................................................................................. 47
തമ്മിലടിപ്പിക്കാൻ പിറന്നവൾ..................................................... 49
മധുവിദ്യ..................................................................................... 50
പർവ്വതമായി മാറിയ അസുരൻ ....................................................52
അമ്മക്കുടം .................................................................................53
നേത്രദാനം..................................................................................54
ശിശുഘാതികൾ ...........................................................................55
പന്തയം ......................................................................................57
പൊട്ടിത്തെറി .............................................................................60
തടയണ ......................................................................................62
സൂര്യനെ രാകിയപ്പോൾ.............................................................. 64
യൗവനദാനം.............................................................................. 66

അരയന്നവും കാക്കയും ........ 69
മയിൽ ........ 71
ഓന്ത് ........ 72
ഗുരുദക്ഷിണയ്ക്കായി പെൺവാണിഭം
നടത്തിയ ശിഷ്യൻ ........ 73
പുണ്യനാമം ........ 75
ജപിച്ച പഴം ........ 76
ഭർത്തൃശാപം ........ 78
വിഷ്ണുനിദ്ര ........ 79
നാരീശാപം ........ 81
പ്രതിവിധി ........ 83
കൂർമ്മം ........ 85
മത്സ്യം ........ 87
വരാഹം ........ 89
നരസിംഹം ........ 91
ചന്ദ്രന്റെ പുത്രൻ ........ 93
ഓണം ........ 95
നല്ലതു ചുമന്നാൽ ........ 98
ഉർവ്വശീശാപം ........ 99
മുനിസൃഷ്ടി ........ 100
മൃതസഞ്ജീവനി ........ 102
ദേവീപീഠങ്ങൾ ........ 104
പഴത്തിനുള്ളിലെ പാമ്പ് ........ 105
അകൃതവ്രണൻ ........ 108
കടലിലൊളിപ്പിച്ച പർവ്വതം ........ 110
സരസ്വതീശാപം ........ 111
ഒരു ശാപവും മൂന്ന് അസുരജന്മങ്ങളും ........ 113
മൂന്നാം കണ്ണിലെ നീര് ........ 115
ശവംതീനി ........ 117
വിശക്കാതിരിക്കാൻ വരം ........ 119
ത്രിമൂർത്തികൾ പുത്രരായി ........ 121
പുത്രവില്പന ........ 122
വാനരസ്ത്രീയായൊരപ്സരസ് ........ 124
പുത്രമാംസക്കറി ........ 126
ശാപമേറ്റ യക്ഷപുത്രി ........ 128
വാതാപി ........ 129
ബലിമൃഗം ........ 130
ശിവപൂജ ........ 132
ചോദിക്കാതെ ലഭിച്ച വരം ........ 134
കാവേരി ........ 136
ഉള്ളികൾ ........ 137
ദാനശീലം ........ 139
തെറ്റായ വിധി ........ 141
രുദ്രാക്ഷമണിഞ്ഞ കുരങ്ങും
പൂവൻകോഴിയും ........ 143
കണിക്കൊന്ന ........ 145
വേഗംകൊണ്ടു നേടിയ ശാപം ........ 147
പരീക്ഷണം ........ 148
പച്ചമരുന്ന് ........ 151
ഷഡർഭകർ ........ 153
നളകൂബരശാപം ........ 155
അമ്മയായ രാജാവ് ........ 157
ഇന്ദ്രജിത്ത് ........ 159
ശാപമേറ്റ ചന്ദ്രൻ ........ 161
ഗുരുഭക്തി ........ 163
കാകവിദ്യ ........ 167
അമ്മാവനെക്കൊന്ന മരുമകൻ ........ 169
മത്സ്യമായ അപ്സരസ് ........ 172
മണിയും തരുണിയും ........ 173
പാതിവ്രത്യസ്മാരകം ........ 175

ബ്രഹ്മാവ് നാന്മുഖനായത്..........177
ധ്രുവനക്ഷത്രം ..........180
യദുകുലനാശം ..........182
ശാപമേറ്റ കുമാരിമാർ ..........184
ദേവശില ..........186
ഗായക രാജൻ ..........188
സതി അനുഷ്ഠിച്ച മുനിപത്നി ..........189
ശിഷ്യനും മന്ത്രിയും..........190
കാമൻ ദഹിച്ചസ്ഥലം..........192
ശാപമേറ്റ മഹാലക്ഷ്മി ..........193
കരം ധമനം ചെയ്തവൻ..........195
സമുദ്രം കുടിച്ചു വറ്റിച്ച ഭർത്താവ്..........196
ഐരാവതത്തിന്റെ കൊമ്പൊടിച്ചത്?..........198
കാവൽക്കാരി ..........200
പായസത്തിന്റെ ശക്തി ..........202
ഗാന്ധാരീശാപം..........204

# വ്യാസൻ

കാളിന്ദീനദി മാറിൽ പണ്ടൊരു
മായാജാലച്ചെറുദ്വീപിൽ
കടത്തുകാരിപ്പെണ്ണിനു, മാമുനി
കനിഞ്ഞു നൽകിയ സുതനാര്?

*ഉത്തരം: വ്യാസൻ*

**കഥ**

ശാപം മൂലം മത്സ്യമായിത്തീർന്ന അദ്രിക എന്ന അപ്സരസ്സ്, ചേദിരാജാവായ വസുവിൽ നിന്ന് ഗർഭം ധരിക്കുകയും ഗർഭിണിയായ മത്സ്യം ഒരു മുക്കുവന്റെ വലയിൽ കുടുങ്ങുകയും ചെയ്തു. മത്സ്യത്തെ കീറിനോക്കിയപ്പോൾ കിട്ടിയ രണ്ടു കുട്ടികളിൽ ആൺകുട്ടിയെ രാജാവിന് സമർപ്പിക്കുകയും പെൺകുട്ടിക്ക് 'കാളി' എന്നു പേരിട്ട് മുക്കുവൻ വളർത്തുകയും ചെയ്തു. മീൻമണമുള്ളതിനാൽ അവൾക്ക് മത്സ്യഗന്ധി എന്നും പേരുണ്ടായി.

വളർന്ന് യൗവനയുക്തയായ കാളി കടത്തുകാരൻ കൂടിയായിരുന്ന അച്ഛനെ ജോലിയിൽ സഹായിച്ചുകൊണ്ടിരുന്നു.

ഒരിക്കൽ പരാശരമുനി കാളിന്ദീനദി കടക്കാൻ വന്നപ്പോൾ, ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന കടത്തുകാരൻ, മുനിയെ മറുകര കടത്തുവാൻ മകളെ നിയോഗിച്ചു. യാത്രയ്ക്കിടയിൽ കാമാതുരനായ മുനി തന്റെ ഇംഗിതം കാളിയെ അറിയിക്കുകയും, കൃത്രിമമായി നിർമ്മിച്ച ദ്വീപിൽ, തപശ്ശക്തികൊണ്ട് മൂടൽമഞ്ഞിന്റെ മറ തീർക്കുകയും ആ മറയ്ക്കുള്ളിൽ വച്ച് ആഗ്രഹനിവൃത്തി വരുത്തുകയും